## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3277 11.05.2017- ൽ മറുപടിക്ക്**

## "ചെറുകിട/ഇടത്തരം വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുവാനുമായി നടപടികൾ''

**ചോദ്യം**

**ശ്രീ.പി.കെ. ശശി**

**ഉത്തരം**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചെറുകിട/ഇടത്തരം വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുവാനുമായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നു വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. പുതിയ സംരംഭകർക്ക് ദിശാബോധം നൽകി അവരെ വ്യവസായികൾ എന്ന നിലയ്ക്ക് വളർത്തിയെടുക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.<br><br>സംസ്ഥാനത്ത് ഉടനീളമുള്ള വ്യവസായ സംരംഭകരും, റിസർച്ച് / സാങ്കേതിക |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളും തമ്മിൽ ശക്തമായ ഒരു ബന്ധം സ്ഥാപിച്ചു കൊണ്ട് വ്യവസായ മേഖലയിൽ നിലവിലുള്ള പല സാങ്കേതിക പ്രശ്നങ്ങൾക്കും പരിഹാരം കാണുക എന്നൊരു ലക്ഷ്യത്തിനായി "Industry-Varsity Linkage Scheme" എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 2017-2018 സാമ്പത്തിക വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2017-2018 വർഷത്തിലേക്ക് ചെറുകിട ഇടത്തരം വ്യവസായങ്ങൾ സംരംക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നൂതന ആശയങ്ങളോടെയുള്ള പുതിയ ചെറുകിട സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി പ്രാരംഭ മൂലധനമായി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്നു. |
| ബി) | ചെറുകിട/ഇടത്തരം വ്യവസായ സംരംഭകർക്ക് എന്തെല്ലാം സഹായങ്ങൾ നല്കിവരുന്നു; വിശദാംശം ലഭ്യമാക്കുമോ; | ബി) | ചെറുകിട/ഇടത്തരം വ്യവസായ സംരംഭകർക്കായി താഴെപറയുന്ന പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നു.<br>1. നിലവിലുള്ള വ്യവസായ പ്രദേശങ്ങളുടെയും പ്ലോട്ടുകളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ബഹുനില വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും നിർമ്മിക്കുകയും ചെയ്യുന്നു.<br>2. തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയും സംരംഭകരെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളായിമാറ്റുക എന്ന ലക്ഷ്യത്തോടെയും സംരംഭക സഹായ പദ്ധതി പ്രകാരം സംരംഭകർക്ക് ഒറ്റത്തവണ സഹായം നൽകി വരുന്നു. അതിൻ പ്രകാരം പരാമവധി 30 ലക്ഷം രൂപ വരെ സഹായം നൽകുന്നു.<br>3. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ഇ.ജി.പി പ്രകാരം സംരംഭകർക്ക് ബാങ്ക് വായ്പയും അനുബന്ധമായി സബ്സിഡിയും അനുവദിക്കുന്നു.<br>4. യുവ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി.ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായവും ചെയ്യുന്നത് കൂടാതെ ബോധവൽക്കരണ പരിപാടികളും |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്നു.<br>5. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇ.ഡി.പി, ടെക്നോളജി ക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, സെമിനാറുകൾ എന്നിവയിലും സംരംഭകരെ പങ്കെടുപ്പിക്കുന്നു.<br>6. സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും ഗവേഷണം നടത്തുവാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് എന്ന പുതിയ പദ്ധതിയും നടപ്പിലാക്കുന്നു. |
| സി) | പ്രസ്തുത സംരംഭങ്ങൾ തുടങ്ങാനും പ്രവർത്തനം മെച്ചപ്പെടുത്തുവാനും എന്തു നടപടികളാണ് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നും വ്യക്തമാക്കുമോ? | സി) | എം.എസ്.എം.ഇ. മേഖലയിൽ 2017-18 ൽ 17500 സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സഹായ സഹകരണങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സ്കീമുകളുടെയും വിവിധ വകുപ്പുകളുടെ പ്രോജക്ടുകളുടെയും ഏകോപനം ഉറപ്പുവരുത്തികൊണ്ട് നേതൃത്വം നൽകി. ഇതു വഴി 2000 കോടി രൂപയുടെ നിക്ഷേപവും 75000 തൊഴിലവസരങ്ങളും ലക്ഷ്യമിടുന്നു.<br>ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്ന രീതിയിൽ താഴെപ്പറയുന്ന പദ്ധതികളും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.<br>i. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം - 96 ലക്ഷം<br>ii. അഗ്രോ ഫുഡ് പ്രോ 2018 - 53 ലക്ഷം<br>iii. Marketing Campaign Food Safty - 50 ലക്ഷം<br>iv. Industrial Promotional Activities (K-Bip)- 120 ലക്ഷം<br>V.ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമിൽ 4 ക്ലസ്റ്ററുകൾ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.<br>• വുഡ് പ്രോസസിംഗ് ക്ലസ്റ്റർ, കൊല്ലം<br>• വുഡ് ഫർണിച്ചർ ക്ലസ്റ്റർ, കണ്ണൂർ<br>• പ്രിന്റിംഗ് ക്ലസ്റ്റർ, കണ്ണൂർ<br>• സമോറിയൻസ് ഫർണിച്ചർ ക്ലസ്റ്റർ, കോഴിക്കോട് |

| | | | | |
|---|---|---|---|---|
| | | | | ഇ.ഡി. ക്ലബുകൾ:<br>സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ല കളിൽ ഇ.ഡി. ക്ലബുകൾ (Enterpreneurs Development Club) രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇ.ഡി. ക്ലബുകളിലെ വിദ്യാർത്ഥി കളിൽ സംരംഭക അവബോധം ഉണ്ടാക്കുന്നതിന് ബോധവത്കരണ പരിപാടികൾ നടത്തുകയും അങ്ങനെയുള്ള 300 ഓളം ക്ലാസുകളിലായി ഏക ദേശം 7500 വിദ്യാർത്ഥികളെ പങ്കാളികളാക്കും.<br>Industry- Varsity Linkage Scheme<br>സംസ്ഥാനത്ത് ഉടനീളമുള്ള വ്യവസായ സംരംഭകരും, റിസർച്ച്/സാങ്കേതിക സ്ഥാപനങ്ങളും തമ്മിൽ ശക്തമായ ഒരു ബന്ധം സ്ഥാപിച്ചു കൊണ്ട് വ്യവസായ മേഖലയിൽ നിലവിലുള്ള പല സാങ്കേതിക പ്രശ്നങ്ങൾക്കും പരിഹാരം കാണുക എന്നൊരു ലക്ഷ്യത്തിനായി "Industry-Varsity Linkage Scheme" എന്നൊരു പദ്ധതി നടപ്പിലാക്കും. ഇതിനായി 2017-2018 സാമ്പത്തിക വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.<br>ടെക്നിക്കൽ മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം<br>കേരളത്തിലെ അഭ്യസ്ത വിദ്യരായ 700 തൊഴിൽ രഹിതരായ യുവാക്കളുടെ നൈപുണ്യവികസനത്തിനായി "Technical Management Development Programme" എന്ന പദ്ധതി കീഡിന്റെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കും.<br>മാർജിൻ മണി ലോൺ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ ചെറുകിട സംരംഭകരുടെ കുടിശ്ശികയായ മാർജിൻമണി ലോൺ പരമാവധി തീർപ്പാക്കുന്ന |

| | | | |
|---|---|---|---|
| | | | തിന് അവസരമൊരുക്കും.<br>വ്യവസായ സംരംഭങ്ങൾക്ക് കാലതാമസം കൂടാതെ സംസ്ഥാനത്തെ നിക്ഷേപാന്തരീക്ഷം വ്യവസായ സൗഹൃദമാക്കാൻ ലോകബാങ്ക് നിർദ്ദേശപ്രകാരമുള്ള ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**